ഇവയെല്ലാം ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരത്തോടെയുള്ള ഔദ്യോഗിക പരിപാടികളായിരുന്നു.

(സി) കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും അംഗീകരിച്ചിട്ടുള്ള നിരക്കനുസരിച്ച് ടി.എ./ഡി.എ. ഇനത്തിലുള്ള തുക ചെലവായിട്ടുണ്ട്. അവസാന കണക്ക് ഇന്ത്യൻ എംബസിയിൽ നിന്നു ലഭിച്ചിട്ടില്ല.

മുഖ്യമന്ത്രിയെക്കൂടാതെ പ്രസ്തുത രാജ്യങ്ങളിലെ ഇന്ത്യൻ സ്ഥാനപതിമാർ, എംബസി ഉദ്യോഗസ്ഥർ, നോർക്ക സെക്രട്ടറി ശ്രീ. അമിതാഭ് കാന്ത്, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ. ഇ.എൻ. മുരളീധരൻ നായർ എന്നിവർ പങ്കെടുത്തു.

"കേര ഗോൾഡ് വിപണിയിൽ ഇറക്കിയ അബുദാബിയിലെ ചടങ്ങിൽ 'കേര ഫെഡ്' ചെയർമാൻ, വൈസ് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവരും പങ്കെടുക്കുകയുണ്ടായി.

19 (19) മൊബൈൽഫോൺ, പേജർ എന്നിവ ലഭിച്ചിട്ടുള്ളവർ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിമാരിൽ എത്രപേർക്ക് മൊബൈൽ ഫോൺ, പേജർ എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സെക്രട്ടറിമാർ, വകുപ്പുമേധാവികൾ പൊതുമേഖലാസ്ഥാപന മേധാവികൾ എന്നിവർക്ക് ആർക്കെങ്കിലും ഇവ അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടെ ഒരു പ്രതി ലഭ്യമാക്കുമോ?

ഉത്തരം

(എ) ആർക്കും അനുവദിച്ചിട്ടില്ല.

(ബി)-(സി) വിവരം ശേഖരിച്ചു വരുന്നു.

20 (20) മന്ത്രിമാരുടെ സ്വത്തുവിവര കണക്കുകൾ

ശ്രീ. നാലകത്തു സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും വർഷംതോറും അവരുടെ സ്വത്ത് വിവരം വെളിപ്പെടുത്താറുണ്ടോ;

(ബി) സ്വത്ത് വിവരം നൽകുന്നതിന് ആരെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടോ;

(സി) സ്വത്ത് വിവരം കൃത്യമായി നൽകുന്നതിനും ഇതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) കേരള പബ്ലിക് മെൻസ് കറപ്ഷൻ ഇൻവെസ്റ്റിഗേഷൻ ആന്റ് ഇൻകൃയറീസ് ആക്റ്റ് 1987 അനുശാസിക്കുന്ന പ്രകാരം 1997 വർഷത്തിലെ സ്വത്തു വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും നൽകിയിട്ടുണ്ട്.

(സി) കേരള പബ്ലിക് മെൻസ് കറപ്ഷൻ (ഇൻവെസ്റ്റിഗേഷൻ ആന്റ് ഇൻകൃയറീസ്) ആക്ട് 1987-നു പകരമായി കേരളാ ലോക്അയുക്ത ആക്ട് ഇപ്പോൾ നിലവിൽ വന്നു. ഈ ആക്ടിലെ സെക്ഷൻ 22 സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

21 (21) മന്ത്രിമാരുടെ ചെലവ്

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം മന്ത്രിമാരുടെ ചെലവ് ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും എന്തു തുകവീതം ചെലവാക്കി;

(ബി) ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ ഓരോ മന്ത്രിമാർക്കും ഓരോ സാമ്പത്തിക വർഷവും എന്തു തുകവീതം ചെലവായി;

(സി) ഈ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുൾപ്പെടെ ഒരു മന്ത്രിക്കുവേണ്ടി ഇതുവരെ എന്തു തുക വീതം ശരാശരി ചെലവായിട്ടുണ്ട്;

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത്, 1996 മേയ് മുതൽ മുമ്പോട്ടുള്ള ഇതേ കാലയളവിൽ, മുഖ്യമന്ത്രിയുൾപ്പെടെ, ഒരു മന്ത്രിക്കുവേണ്ടി ശരാശരി എന്തു തുക വീതം ചെലവായിട്ടുണ്ട്;

(ഇ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ ഓഫീസിനും സ്റ്റാഫിനും വേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(എഫ്) 1996 മേയ് മുതൽ മുമ്പോട്ടുള്ള ഇതേ കാലയളവിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ ഓഫീസിനും സ്റ്റാഫിനും വേണ്ടി എന്തു തുക ചെലവായിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ടി.എ. ഡി.എ. (വിമാന യാത്രക്കൂലി ഉൾപ്പെടെ) ചെലവായ തുകയെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. മറ്റു ചെലവുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി)മുതൽ (എഫ്)വരെ വിവരം ശേഖരിച്ചുവരുന്നു.

ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly